LIBRARY ARCHIVES Kerala Legislative Assembly

തടവുകാരുടെ മിനിമം വേതനം

186 (4521) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തൊഴിലെടുക്കുന്ന തടവുകാർക്ക് നിലവിൽ മിനിമം വേതനം അനുവദിക്കുന്നുണ്ടോ ; നിലവിൽ അനുവദിക്കുന്ന വേതനവും ആയതിന്റെ മാനദണ്ഡവും വ്യക്തമാക്കുമോ ;

(ബി) തടവുകാരെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിലൂടെ ജയിൽ വകുപ്പിന് ലഭിക്കുന്ന വരുമാനത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വിശദാംശങ്ങൾ നൽകുമോ ;

(സി) തടവുകാർക്ക് മിനിമം വേതനം നൽകുന്നതിന് ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകൾ ജയിൽ വകുപ്പിന്റെ മുന്നിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) തടവുകാരുടെ നിലവിലെ വേതന നിരക്കുകൾ വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. തടവുകാരുടെ വേതനം സംബന്ധിച്ച് 22-6-2007-ൽ പുറപ്പെടുവിച്ച ജി.ഒ.(എംഎസ്.) നമ്പർ 144/2007/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവിന്റെയും വേതനവും മാനദണ്ഡവും വിശദീകരിക്കുന്ന അനുബന്ധത്തിന്റേയും പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(സി&ഡി) തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലാ ജയിലിന്റെ ആവശ്യകത

187 (4522) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ മുന്നൂറോളം തടവുകാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ജില്ലാ ജയിൽ നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.